പതിമൂന്നാം കേരള നിയമസഭ
എട്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നം. 645

19.3.2013-ലെ
മറുപടിയ്ക്ക്

**അടിസ്ഥാന സൗകര്യ വികസനത്തിനായുള്ള പൊതുമേഖലാ സ്ഥാപനങ്ങൾ**

| ചോദ്യം<br>ശ്രീ.പി.എ മാധവൻ<br>ശ്രീ.അൻവർ സാദത്ത്<br>ശ്രീ.വി.പി. സജീന്ദ്രൻ<br>ശ്രീ.ലൂഡി ലൂയിസ് | | ഉത്തരം<br>ശ്രീ.പി.കെ കുഞ്ഞാലിക്കുട്ടി<br>(വ്യവസായവും വിവര സാങ്കേതികവും വകുപ്പ് മന്ത്രി) | |
|---|---|---|---|
| എ) | വ്യവസായ അടിസ്ഥാന സൗകര്യ വികസനത്തിനായി ഏതെല്ലാം പൊതുമേഖലാ സ്ഥാപനങ്ങളാണ് പ്രവർത്തിച്ചു വരുന്നത്; | എ) | വ്യവസായ അടിസ്ഥാന സൗകര്യ വികസനത്തിനായി കേരള ഇൻഡസ്ട്രിയൽ ഇൻഫ്രസ്ട്രക്ച്ചർ ഡെവലപ്പ്മെൻറ് കോർപ്പറേഷൻ (കിൻഫ്ര), കേരള സംസ്ഥാന വ്യവസായ വികസന കോർപ്പറേഷൻ (കെ.എസ്.ഐ.ഡി.സി), വ്യവസായ വാണിജ്യ ഡയറക്ടറേറ്റ് , കേരള സ്മാൾ ഇൻഡസ്ട്രീസ് ഡെവലപ്പ്മെൻറ് കോർപ്പറേഷൻ(സിഡ്കോ), എന്നീ സ്ഥാപനങ്ങളാണ് അടിസ്ഥാന സൗകര്യ വികസനത്തിനായി പ്രവർത്തിക്കുന്നത്. കൂടാതെ ഇൻകെൽ ലിമിറ്റഡും ഈ മേഖലയിൽ പ്രവർത്തിച്ചുവരുന്നു. |
| ബി) | ഇവയുടെ പ്രവർത്തനങ്ങൾ എന്തൊക്കെയാണ്; വിശദമാക്കുമോ ; | ബി) | വ്യവസായങ്ങൾ ആരംഭിക്കുന്നതിന് അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കി വ്യവസായ നിക്ഷേപം ആകർഷിക്കുക എന്നുള്ളതാണ് കിൻഫ്രയുടെ പ്രഖ്യാപിത ലക്ഷ്യം. വ്യവസായങ്ങൾ ആരംഭിക്കുന്നതുമായി ബന്ധപ്പെട്ട് അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കി നിക്ഷേപകരെ ആകർഷിക്കുന്നു. വ്യവസായ അടിസ്ഥാന വികസനത്തിനായി സൗകര്യങ്ങൾ ഒരുക്കുക, ധനസഹായങ്ങൾ നൽകുക, പദ്ധതി ആരംഭിക്കുന്നതിന് ആവശ്യമായ അനുമതി ലഭിക്കുന്നതിന് സഹായിക്കുക എന്നിവയാണ് കെ.എസ്.ഐ.ഡി.സി യുടെ ചുമതലകൾ.<br>ഇടത്തരം-ചെറുകിട വ്യവസായ സംരംഭകർക്ക് ആവശ്യമായ അടിസ്ഥാന സൗകര്യങ്ങൾ വ്യവസായ വാണിജ്യ |

| | | | |
|---|---|---|---|
| | | | ഡയറക്ടറേറ്റും സിഡ്കോയും നൽകി വരുന്നു. ഇൽകെലും അടിസ്ഥാന സൗകര്യ വികസനത്തിനായി പ്രവർത്തനങ്ങൾ നടത്തിവരുന്നു. |
| സി) | പ്രാദേശിക അടിസ്ഥാന സൗകര്യത്തിനും വ്യവസായ വികസനത്തിനും എന്തെല്ലാം കാര്യങ്ങളാണ് ഇവ നിർവ്വഹിക്കുന്നത്; വിശദാംശങ്ങൾ എന്തെല്ലാമാണ്? | സി) | കെ.എസ്.ഐ.ഡി.സി, കിൻഫ്ര,വ്യവസായ വാണിജ്യ ഡയറക്ടറേറ്റ്, സിഡ്കോ,ഇൻകെൽ എന്നീ സ്ഥാപനങ്ങൾ സ്വീകരിച്ച നടപടികൾ അനുബന്ധമായി ചേർത്തിരിക്കുന്നു. |

Haseena Keerak

**സെക്ഷൻ ഓഫീസർ**

## അനുബന്ധം

**കിൻഫ്ര**

കിൻഫ്ര സംസ്ഥാനത്തിന്റെ വിവിധ ഭാഗങ്ങളിലായി ഏകദേശം 16 പദ്ധതികൾ നേരിട്ടും 6 ഓളം പദ്ധതികൾ ജോയിന്റ് വെൻചർ രീതിയിലും നടപ്പാക്കിയിട്ടുണ്ട്. ഈ പാർക്കുകളിൽ വ്യവസായികൾക്കാവശ്യമായ അടിസ്ഥാന പശ്ചാത്തല സൗകര്യങ്ങളായ റോഡ്, ജലം, മലിനീകരണ നിയന്ത്രണ സംവിധാനങ്ങൾ തുടങ്ങിയവ ഏർപ്പെടുത്തിയിട്ടുണ്ട്. കൂടാതെ പ്രത്യേക വ്യവസായങ്ങളെ പ്രോത്സാഹിപ്പിക്കുന്നതിനു വേണ്ടി ഏർപ്പെടുത്തിയിട്ടുള്ള പാർക്കുകളിൽ പ്രസ്തുത വ്യവസായങ്ങൾക്കനുയോജ്യമായ പ്രത്യേക സംവിധാനങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ട്.

ഭക്ഷ്യ സംസ്കരണ പാർക്കുകളിൽ cold storage, Effluent Treatment Plant and Water treatment plant, എന്നിവയും ടെക്സ്റ്റൈയിൽ പാർക്കുകളിൽ വസ്ത്ര നിർമ്മാണത്തിനാവശ്യമായ 'Dye' യൂണിറ്റ് എന്നിവയും Film and Video Park-ൽ ഫിലിം വ്യവസായത്തിനാവശ്യമായ സൗകര്യങ്ങളും, റബ്ബർ പാർക്കിൽ റബ്ബർ വ്യവസായത്തിനാവശ്യമായ പ്രത്യേക സൗകര്യങ്ങളും ഏർപ്പെടുത്തിയിട്ടുണ്ട്. നിലവിലുള്ള അടിസ്ഥാന സൗകര്യങ്ങൾക്കു പുറമേ താഴെ പറയുന്ന കർമ്മ പരിപാടികൾ നടപ്പാക്കാൻ ഉദ്ദേശിക്കുന്നു.

- സംസ്ഥാനത്ത് തുറമുഖങ്ങളുടെയും വിമാനത്താവളങ്ങളുടെയും വികസന സാദ്ധ്യതകൾ മുന്നിൽ കണ്ടുകൊണ്ട് ഇവയെ ബന്ധപ്പെടുത്തിക്കൊണ്ട് തിരുവനന്തപുരം, കൊച്ചി, കോഴിക്കോട് എന്നീ നഗരങ്ങളിൽ വ്യവസായ വികസന മേഖലകൾ സ്ഥാപിക്കാൻ ലക്ഷ്യമിടുന്നുണ്ട്.
- സംസ്ഥാനത്ത് ആയുർവേദത്തിന്റെ അനന്ത സാദ്ധ്യതകൾ പൂർണ്ണമായും പ്രയോജനപ്പെടുത്തിക്കൊണ്ട് അന്താരാഷ്ട്ര നിലവാരത്തിലുള്ള ഒരു ഗ്ലോബൽ ആയുർവേദ വില്ലേജ് സ്ഥാപിക്കുന്നതിനും പദ്ധതിയുണ്ട്.
- എറണാകുളത്ത് ഒരു Trade and Convention Centre സ്ഥാപിക്കുന്നതിന് അനുമതി നൽകിയിട്ടുണ്ട്.
- പത്തനാപുരത്ത് കേരളത്തിലെ രണ്ടാമത്തെ റബ്ബർ പാർക്ക് സ്ഥാപിക്കുന്നതിന് അനുമതി നൽകിയിട്ടുണ്ട്.

- ഇടുക്കിയിൽ ഒരു സ്പൈസസ് പാർക്ക് സ്ഥാപിക്കുന്നതിന് ഭൂമി ഏറ്റെടുക്കൽ നടപടികൾ പുരോഗമിച്ചു വരുന്നു.
- ഭക്ഷ്യ സംസ്കരണ വ്യവസായത്തിന്റെ വികസനത്തിനായി ഭക്ഷ്യ സംസ്കരണ മിഷൻ രൂപീകരിച്ചിട്ടുണ്ട്.

**കെ.എസ്.ഐ.ഡി.സി**

കെ.എസ്.ഐ.ഡി.സിയുടെ ആഭിമുഖ്യത്തിൽ വലിയവെളിച്ചം (കണ്ണൂർ), കിനാലൂർ (കോഴിക്കോട്), പാണക്കാട് (മലപ്പുറം), പള്ളിപ്പുറം (ചേർത്തല) എന്നീ സ്ഥലങ്ങളിൽ ഗ്രോത്ത് സെന്ററുകൾ പ്രവർത്തിക്കുന്നുണ്ട്. പ്രസ്തുത സ്ഥലങ്ങളിൽ വ്യവസായികൾക്കാവശ്യമായ അടിസ്ഥാന പശ്ചാത്തല സൗകര്യങ്ങൾ കെ.എസ്.ഐ.ഡി.സി ഒരുക്കിയിട്ടുണ്ട്. എന്നാൽ സംസ്ഥാനത്തെ വ്യാവസായിക പശ്ചാത്തല മേഖലയിൽ വർദ്ധിച്ചു വരുന്ന ആവശ്യങ്ങൾ കണക്കിലെടുത്ത് താഴെ പറയുന്ന പദ്ധതികൾ കെ.എസ്.ഐ.ഡി.സി ഏറ്റെടുക്കുവാൻ ഉദ്ദേശിക്കുന്നു.

- എറണാകുളം, തൃശ്ശൂർ, മലപ്പുറം, പാലക്കാട് എന്നീ ജില്ലകൾ കേന്ദ്രീകരിച്ച് കൊച്ചി പാലക്കാട് നാഷണൽ മാനുഫാക്ചറിംഗ് സോൺ
- എറണാകുളം ജില്ല കേന്ദ്രീകരിച്ച് പെട്രോ കെമിക്കൽ സോൺ
- ഗ്യാസ് പൈപ്പ് ലൈൻ പ്രോജക്ട്
- കൊച്ചിയിൽ ഒരു ഇലക്ട്രോണിക് ഹബ്ബ്
- തിരുവനന്തപുരത്ത് ഒരു ലൈഫ് സയൻസ് പാർക്ക്

**സിഡ്കോ**

സിഡ്കോയുടെ അധീനതയിലുള്ള 17 മേജർ വ്യവസായ എസ്റ്റേറ്റുകളിലും അടിസ്ഥാന പശ്ചാത്തല സൗകര്യങ്ങളായ വെള്ളം, റോഡ്, വൈദ്യുതി ഇവ ഒരുക്കി വ്യവസായം നടത്തുന്നതിനാവശ്യമായ ഭൂമി/ ഷെഡ് എന്നിവ ചെറുകിട വ്യവസായികളുടെ അപേക്ഷയും അനുബന്ധ രേഖകളും സമർപ്പിക്കുന്ന മുറയ്ക്ക് അനുവദിച്ചു വരുന്നു. ആയതിലൂടെ പ്രസ്തുത എസ്റ്റേറ്റുകൾ സ്ഥിതി ചെയ്യുന്ന പ്രദേശത്തെ ജനങ്ങൾക്ക്

തൊഴിൽ അവസരങ്ങൾ ലഭിക്കുന്നതിനും അവരുടെ സാമ്പത്തികവും സാമൂഹികവുമായ പശ്ചാത്തലം അഭിവൃദ്ധിപ്പെടുന്നതിലൂടെ പ്രദേശത്തിന്റെ മൊത്തത്തിലുള്ള സാമ്പത്തിക വികസനം സാധ്യമാകുന്നു. പ്രസ്തുത വ്യവസായ എസ്റ്റേറ്റുകളിലെ ഭൂരിഭാഗം ഭൂമിയും ഷെഡുകളും ഇപ്രകാരം അനുവദിച്ചു കഴിഞ്ഞു. കൂടാതെ സിഡ്കോയുടെ 7 വ്യവസായ പാർക്കുകളിലും 36 മിനി വ്യവസായ എസ്റ്റേറ്റുകളിലും ആയിരക്കണക്കിന് പുതിയ തൊഴിലവസരങ്ങൾ പ്രാദേശികമായി പ്രത്യക്ഷമായും പരോക്ഷമായും സൃഷ്ടിക്കാൻ കഴിഞ്ഞിട്ടുണ്ട്. കൂടാതെ പുതിയ ഉൽപ്പന്നങ്ങളുടെ ഉല്പാദന വിപണന സമ്പ്രദായത്തിലൂടെ ബന്ധപ്പെട്ട പ്രദേശത്തിന്റെ സമഗ്ര വികസനത്തിന് ആക്കം കൂട്ടാനും വ്യവസായ സംരംഭങ്ങൾ തുടങ്ങുന്നതിന് തദ്ദേശീയരായ വ്യവസായികൾക്ക് മിതമായ നിരക്കിൽ ഭൂമി പ്രസ്തുത പാർക്കുകളിലൂടെയും മിനി വ്യവസായ എസ്റ്റേറ്റുകളിലൂടെയും ലഭ്യമാക്കാനും കഴിഞ്ഞിട്ടുണ്ട്.

**ഇൻകെൽ**

- എറണാകുളം ജില്ലയിൽ അങ്കമാലിയിൽ,ഇൻകെൽ-കെ.എസ്.ഐ.ഡി.സി സംയുക്ത സംരംഭത്തിന് പാട്ടത്തിന് ലഭിച്ച 30 ഏക്കർ സ്ഥലത്ത് സ്റ്റാൻഡേർഡ് ഡിസൈൻ മോഡ്യൂൾസ് ( Standard Design Modules) നിർമ്മിച്ച് പരിസര മലിനീകരണം ഉണ്ടാക്കാത്ത വ്യവസായ സംരംഭകർക്ക് നൽകുന്നുണ്ട്. സ്റ്റാൻഡേർഡ് ഡിസൈൻ മോഡ്യൂൾസിന്റെ രണ്ടാംഘട്ട നിർമ്മാണത്തിനുള്ള പ്രാരംഭ നടപടികൾ നടന്നുവരുന്നു.
- മലപ്പുറം ജില്ലയിൽ പാണക്കാട്, ഇൻകെൽ-കെ.എസ്.ഐ.ഡി.സി സംയുക്ത സംരംഭത്തിന് പാട്ടത്തിന് ലഭിച്ച സ്ഥലത്ത് Small & Medium Enterprises Park 10,000/- ച.അടി വീതം വിസ്തീർണ്ണമുള്ള മോഡ്യൂൾസ് നിർമ്മിച്ച് സംരംഭകർക്ക് നൽകുന്നു. ഇപ്രകാരമുള്ള 5 കെട്ടിടങ്ങളുടെ പണി പൂർത്തിയാക്കി സംരംഭകർക്ക് നൽകി പ്രവർത്തനം ആരംഭിച്ചു കഴിഞ്ഞു. രണ്ടാംഘട്ട നിർമ്മാണത്തിനുള്ള പ്രാരംഭ നടപടികളും നടന്നുവരുന്നു.

വ്യവസായ വാണിജ്യ ഡയറക്ടറേറ്റ്

വ്യവസായ സംരംഭങ്ങൾക്ക് ചുരുങ്ങിയ ചെലവിൽ അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കിക്കൊടുക്കുന്നതിന്റെ ഭാഗമായി വ്യവസായ വാണിജ്യ ഡയറക്ടറേറ്റിന്റെ കീഴിൽ വ്യവസായ വികസന ഏരിയ/പ്ലോട്ട്, വ്യവസായ എസ്റ്റേറ്റ് എന്നിവ സ്ഥാപിച്ചിട്ടുണ്ട്. വ്യവസായ ഡയറക്ടറേറ്റിന്റെ കീഴിൽ 38 വ്യവസായ ഏരിയ/പ്ലോട്ട്, 2 ഫംഗ്ഷണൽ ഇൻഡസ്ട്രിയൽ എസ്റ്റേറ്റ്, 85 മിനി വ്യവസായ എസ്റ്റേറ്റുകൾ എന്നിവ പ്രവർത്തിക്കുന്നുണ്ട്. നിലവിലുള്ള എസ്റ്റേറ്റുകളിൽ സ്ഥലം ലഭ്യമാകുന്നിടത്ത് ഫ്ളാറ്റ് മാതൃകയിലുള്ള ബഹുനില വ്യവസായ എസ്റ്റേറ്റുകൾ നിർമ്മിക്കുന്നതിനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്. എറണാകുളം ജില്ലയിലെ എടയാർ വ്യവസായ മേഖലയിൽ 3 നിലയിലുള്ള ഒരു ബഹുനില വ്യവസായ എസ്റ്റേറ്റിന്റെ നിർമ്മാണം പൂർത്തീകരിച്ചിട്ടുണ്ട്. കൂടാതെ പാലക്കാട് ജില്ലയിലെ ഷൊർണ്ണൂർ, പുതുശ്ശേരി, തിരുവനന്തപുരം ജില്ലയിലെ കൊച്ചുവേളി, മലപ്പുറം ജില്ലയിലെ മഞ്ചേരി എന്നിവിടങ്ങളിൽ ഓരോ ബഹുനില വ്യവസായ എസ്റ്റേറ്റിന്റെ നിർമ്മാണത്തിന് സർക്കാരിൽനിന്നും അനുമതി ലഭിക്കുകയും ഇവയുടെ പ്രാരംഭ പ്രവർത്തനങ്ങൾ ആരംഭിക്കുകയും ചെയ്തിട്ടുണ്ട്. കൂടാതെ വ്യവസായ എസ്റ്റേറ്റുകളുടെ ആധുനികവൽക്കരണവും വികസനവുംവഴി പ്രസ്തുത എസ്റ്റേറ്റുകളിൽ അടിസ്ഥാന സൗകര്യങ്ങൾ വികസിപ്പിക്കുന്നതിനും അതുവഴി മെച്ചപ്പെട്ട ഉൽപ്പാദനം ലക്ഷ്യമിടുകയും ചെയ്തിട്ടുണ്ട്. ഇവ കൂടാതെ മറ്റ് വ്യവസായ വികസന പ്രവർത്തനങ്ങളുടെ ഭാഗമായി, വ്യാവസായിക ഉൽപ്പന്നങ്ങളുടെ സ്റ്റാൻഡേർഡൈസേഷൻ, താലൂക്ക് വ്യവസായ ഓഫീസുകളിലെ കമ്പ്യൂട്ടറൈസേഷൻ പൗരാവകാശരേഖ തയ്യാറാക്കൽ, എന്റർപ്രെണർ ഗൈഡൻസ് സെൽ, ഏകജാലക ക്ലിയറൻസ് ബോർഡ് പ്രോജക്ട് സർവ്വേ/റിപ്പോർട്ട് തയ്യാറാക്കൽ, വ്യവസായ പ്രദർശനങ്ങൾ, കയറ്റുമതി പ്രോത്സാഹനം, അവാർഡുകൾ മുതലായവ വ്യവസായ വികസനത്തിന്റെ ഭാഗമായി വ്യവസായ വാണിജ്യ ഡയറക്ടറേറ്റിൽനിന്നും നൽകിവരുന്ന സേവനങ്ങളാണ്. ഇവ കൂടാതെ സംരംഭകത്വം പ്രോത്സാഹിപ്പിക്കുന്നതിനും നൂതന സംരംഭകരെ സഹായിക്കുന്നതിനും ബിസിനസ് ഇൻക്യുബേറ്ററും അനുബന്ധസേവനങ്ങളും നൽകാൻ സഹായിക്കുന്നു. വ്യാവസായിക വളർച്ചയുതകുന്ന രീതിയിൽ സ്കൂൾ, കോളേജ് തലത്തിലുള്ള വിദ്യാർത്ഥികളെ പരിശീലിപ്പിച്ചെടുക്കുന്നതിന്റെ ഭാഗമായി സംസ്ഥാനത്ത് തെരെഞ്ഞെടുക്കപ്പെട്ട കോളേജുകളിൽ ഇ.ഡി.ക്ലബുകൾ സ്ഥാപിക്കുകയും നിലവിലുള്ളവ ശക്തിപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കുകയും ചെയ്യുന്നുണ്ട്.

Hemant Kumar

സെക്ഷൻ ഓഫീസർ